ശബരിമലയിലെ അടിസ്ഥാന സൗകര്യ വികസനം

218(426) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. മുരളി :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ക്യൂ കോംപ്ലക്സ്, റോപ്പ്വേ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് എന്നറിയിക്കുമോ ;

(ബി) ഈ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആഗോളാടിസ്ഥാനത്തിൽ ടെണ്ടർ നൽകണമെന്ന നിർദ്ദേശം പരിഗണിച്ചിരുന്നുവോ ;

(സി) എങ്കിൽ ഇതിനായി കേന്ദ്രാനുമതി ലഭിക്കുകയുണ്ടായോ ;

(ഡി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ–ഡി) ക്യൂ കോംപ്ലക്സ് നിർമ്മാണത്തിന്റെ ഡിസൈൻവർക്ക് തയ്യാറാക്കുന്നതിന് M/s ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് 15 ലക്ഷം രൂപയ്ക്ക് കരാർ നൽകിയിട്ടുണ്ട്. 500 പേരെ ഉൾക്കൊള്ളിക്കുന്ന 1 യൂണിറ്റിന്റെ നിർമ്മാണ ചെലവ് ഒരു കോടി രൂപയോളം വരുമെന്ന് കണ്ട് അത് ലഘൂകരിക്കുന്നവിധമുള്ള ഡിസൈൻ ഹൈപവർ കമ്മിറ്റിയുടെ ടെക്നിക്കൽ അംഗങ്ങളുമായി ചർച്ച ചെയ്ത് തയ്യാർ ചെയ്യുന്നതിന് 15-12-2010-ന് കൂടിയ ഉന്നതാധികാര സമിതി യോഗം കൺസൾട്ടൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റോപ്പ് വേ നിർമ്മാണത്തിനുള്ള ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള കരാർ 22 ലക്ഷം രൂപയ്ക്ക് M/s റൈറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ്പോൺസർമാരെ ലഭിക്കാൻ ശ്രമിക്കുന്നുണ്ട്. അടുത്ത ഹൈപവർ കമ്മിറ്റിയിൽ വച്ച ശേഷം സ്പോൺസർമാർ മുഖേനയോ ബോർഡ് നേരിട്ടോ പദ്ധതി നടപ്പിലാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളെപ്പറ്റി അതിനുശേഷം തീരുമാനിക്കുന്നതാണ്.

ശബരിമലയിൽ മണ്ഡല-മകരവിളക്കുകാലത്ത് അയ്യപ്പഭക്തർക്കായി ദേവസ്വം വകുപ്പ് ഒരുക്കിയ സൗകര്യങ്ങൾ

219(427) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ഇക്കഴിഞ്ഞ മണ്ഡല-മകരവിളക്കുകാലത്ത് അയ്യപ്പഭക്തർക്കായി ദേവസ്വം വകുപ്പ് ഒരുക്കിയ സൗകര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശബരിമലയിൽ ഭക്തർക്ക് സുഗമമായ രീതിയിൽ സൗകര്യമൊരുക്കുന്നതിന് വിശദമായ പ്ലാൻ തയ്യാറാക്കി ബഡ്ജറ്റിൽ തുക വകയിരുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ മണ്ഡല-മകരവിളക്കുകാലത്ത് ഏകദേശം എത്ര ഭക്തർ ശബരിമലയിൽ വന്നതായി കണക്കാക്കുന്നുണ്ട് ; എത്ര വരുമാനം എല്ലാ മേഖലയിൽനിന്നും ലഭിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശബരിമല സീസൺ കാലയളവിൽ കുടിവെള്ള സംഭരണത്തിനായി ശബരിമലയിൽ 20 ലക്ഷം ലിറ്റർ ശേഷിയുള്ള 2 ടാങ്കുകൾ നിർമ്മിച്ചു. ശബരിമല ക്ഷേത്ര അനുബന്ധകെട്ടിടങ്ങൾ,ഡോണർ ഹൗസുകൾ,. പിൽഗ്രിം സെന്ററുകൾ തുടങ്ങിയ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി, ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി ഇൻസിനറേറ്ററുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കി, പോലീസ്, ഫയർഫോഴ്സ് ഉദ്യോഗസ്ഥർക്കായി പമ്പ, നിലയ്ക്കൽ ചാലക്കയം മരക്കൂട്ടം എന്നിവിടങ്ങളിൽ താല്കാലിക ഷെഡ്ഡുകൾ നിർമ്മിച്ചു, ശബരിമലയിൽ ദർശനത്തിനു ക്യൂ നിൽക്കുന്ന അയ്യപ്പൻമാർക്ക് മഴയിൽ നിന്നും വെയലിൽ നിന്നും സംരക്ഷണം നൽകുന്നതിനായി താല്കാലിക ഷെഡ്ഡുകൾ നിർമ്മിച്ചു, നെയ്യഭിഷേകം ചെയ്യാൻ ക്യൂ നിൽക്കുന്ന അയ്യപ്പന്മാർക്ക് മഴയും വെയിലും ഏൽക്കാതിരിക്കാൻ മേൽക്കൂര നിർമ്മിച്ചു. പരമ്പരാഗതപാതയിൽ നീലിമല,അപ്പാച്ചിമേട് ഭാഗങ്ങളിൽ അയ്യപ്പന്മാർക്ക് വിശ്രമിക്കുന്നതിനായി 4 ഷെൽട്ടറുകൾ നിർമ്മിച്ചു. പമ്പ മുതൽ അപ്പാച്ചിമേടുവരെയുള്ള വിവിധ സ്ഥലങ്ങളിൽ കോൺക്രീറ്റ് ഇരിപ്പിടങ്ങൾ നിർമ്മിച്ചു. അപ്പാച്ചിമേട് ഭാഗത്ത് പാത വീതികൂട്ടി കയറ്റം ലഘൂകരിച്ച് കോൺക്രീറ്റ് പടികൾ നിർമ്മിച്ച് ബാരിക്കേടുകൾ പുനഃനിർമ്മിച്ചു. അപ്പാച്ചിമേട് ഭാഗത്ത് വിശ്രമ സങ്കേതം നിർമ്മിച്ചു. പമ്പയിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിലെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് തടസ്സംകൂടാതെ പ്രവർത്തിപ്പിച്ചു. പമ്പ മണപ്പുറത്ത് അയ്യപ്പഭക്തന്മാർക്ക് വിശ്രമിക്കുന്നതിനും,വിരിവയ്ക്കുന്നതിനും 20000 സ്ക്വയർ ഫിറ്റ് വിസ്തീർണ്ണമുള്ള പന്തൽ നിർമ്മിച്ചു. ആവശ്യമായ ഇൻഫർമേഷൻ ബോർഡുകളും സൈൻബോർഡുകളും വിവിധ ഭാഷകളിലെഴുതി പ്രദർശിപ്പിച്ചു. അപ്പാച്ചിമേട്ടിലും നീലിമലയിലും കാർഡിയോളജി സെന്ററുകൾ പ്രവർത്തിപ്പിക്കാൻ കെട്ടിടങ്ങൾ നിർമ്മിച്ചു നൽകിയിരുന്നു. വിവിധ സർക്കാർ വകുപ്പുകൾ, ദേവസ്വം ബോർഡ് അയ്യപ്പസേവാസംഘം തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.

(ബി) ശബരിമലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ശബരിമല മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കേണ്ടത് ദേവസ്വം ബോർഡാണ്. പദ്ധതികൾക്കാവശ്യമായ തുക സമാഹരിക്കുന്നതിന് ഒരു ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ചർഫണ്ട് ട്രസ്റ്റ് രൂപീകരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ ദേവസ്വം ബോർഡിന്റെ ബഡ്ജറ്റിൽ എല്ലാ വർഷവും തുക വകയൊള്ളിക്കുന്നുണ്ട്.

(സി) മുന്നരകോടിയിൽപ്പരം ഭക്തർ വന്നിട്ടുണ്ടാകുമെന്ന് അനുമാനിക്കുന്നു. ദേവസ്വം ബോർഡിന് ഈ സീസൺ കാലയളവിൽ 1,53,73,48,852 രൂപയുടെ (നൂറ്റി അമ്പത്തിമൂന്ന് കോടി എഴുപത്തിമൂന്ന് ലക്ഷത്തി അമ്പത്തി രണ്ട് രൂപ) വരവുണ്ടായിട്ടുണ്ട്. ഇനം തിരിച്ചുള്ള കണക്ക് എടുത്തിട്ടില്ല.

ശബരിമലയിൽ ലഭിച്ച നടവരവ്

220(428) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-10, 2010-11 വർഷങ്ങളിൽ ശബരിമല തീർത്ഥാടന കാലയളവിൽ ശബരിമലയിൽ ലഭിച്ച നടവരവ് എത്രയാണ് ;

(ബി) പ്രസ്തുതകാലയളവിൽ ശബരിമലയിൽ ചെലവായ തുക ഇനം തിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2009-10 വർഷത്തിൽ 1,28,48,00,417 രൂപയും (നൂറ്റി ഇരുപത്തിയെട്ട് കോടി നാൽപ്പത്തിയെട്ട് ലക്ഷത്തി നാനൂറ്റി ഇരുപത്തിയേഴ് രൂപ) 2010-11 വർഷത്തിൽ 1,53,73,48,852 രൂപയും (നൂറ്റി അമ്പത്തി മൂന്ന് കോടി എഴുപത്തി മൂന്ന് ലക്ഷത്തി നാൽപ്പത്തിയെണ്ണായിരത്തി എണ്ണൂറ്റി അമ്പത്തി രണ്ട് രൂപ) ലഭിച്ചു.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ശബരിമലയിൽ മകരവിളക്ക് കാണുവാൻ അനുവാദം നൽകിയിട്ടുള്ള സ്ഥലങ്ങൾ

221(429) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിൽ മകര വിളക്കു കാണുവാൻ അനുവാദം നൽകിയിട്ടുള്ള സ്ഥലങ്ങൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) മകരവിളക്ക് കാണാൻ ഭക്തജനങ്ങളെ ഇൻഷർ ചെയ്തിട്ടില്ലാത്ത പുൽമേട് പോലെയുള്ള എത്ര സ്ഥലങ്ങൾ ഉണ്ടെന്ന് അന്വേഷിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അന്വേഷണം നടത്തി വേണ്ട സുരക്ഷാ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശബരിമല, സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ മകരജ്യോതി കാണാൻ ദേവസ്വം ബോർഡ് അനുവദിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly